**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ. വി. പി. പ്രഭയ്ക്ക് നൽകിയ താല്ക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :
1. നം. ഇ.എസ്2-38575/2019/ആ.വ.ഡ, തിരുവനന്തപുരം, തീയതി. 10/7/2019
2. എ2-4977/2017/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 04/05/2018
3. ജി. ഒ(എം. എസ്) 214/95/എച്ച് & എഫ്. ഡബ്ല്യൂ. ഡി, തീയതി. 15/05/1995
4. എ2-15964/95/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 20/08/1995
5. എ2-3704/98/ജി.മെ.ഒ(ആ), തൃശ്ശൂർ, തീയതി. 04/03/1998
6. ഇ. ഡി1-20007/07/ആ.വ.ഡ, തീയതി. 15/07/2007
7. ഇ. എസ്2-40318/12/ആ.വ.ഡ, തീയതി. 15/12/2014

**ഉത്തരവ് നം. ഇ.എസ്2/38575/19/ആ.വ.ഡ/തീയതി : 24/07/2019**

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. വി. പി. പ്രഭ സൂചന 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു

ശ്രീ. വി. പി. പ്രഭ സൂചന 3, സൂചന 4 പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 31/08/1995 ൽ എൽ. ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. എം. ഒ. പി പരീക്ഷ പാസായതിനെ തുടർന്ന് സൂചന 5 പ്രകാരം പരിവീക്ഷണക്കാലം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പ്തല പരീക്ഷകൾ പാസായതിനെ തുടർന്ന് സൂചന 6 പ്രകാരം ശ്രീ. വി. പി. പ്രഭയ്ക്ക് യു. ഡി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ (സൂചന 7) ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. വി. പി. പ്രഭയെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 310 എ സ്ഥാനം നല്കി ഉൾപ്പെടുത്തുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് സൂചന (1) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. വി. പി. പ്രഭയെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 310 എ സ്ഥാനം നൽകി ഉൾപ്പെടുത്താൻ സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

GOVERNMENT OF KERALA

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|
| 1 | A. Dileep | 30/5/1974 | 29/08/1995 | G.O.MS192/95/H & FWD, Dated: 08.05.1995 A2-15964/95, Dated: 20.8.1995, DMO(H) TSR | 310 | --- | |
| 2 | V. P. Prabha | 09/02/1970 | 31/08/1995 | G.O(ms) 214/1995/ H & FWD, Dated: 15/5/1995 A2-15964/95/DMO(H) TSR, Dated: 20.8.1995 | -- | 310 A | |
| 3 | M. R. Manju | 20/05/1973 | 14/09/1995 | G.O(MS) No.160/95 /H & FWD, Dated: 06/05/95 A2-7091/90, Dated: 31.08.1995, DMO(H)PTA | 311 | --- | |

ഒപ്പ്/-
ബി. എസ്. ബിജു ഭാസ്കർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. വി. പി. പ്രഭ
സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), തൃശ്ശൂർ

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3) സൂപ്രണ്ട്, ഇ.ഡി. സെക്ഷൻ
4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
5) ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

1046077 GOVERNMENT OF KERALA